# കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം

ക്ലിപ്തം നം. റ്റി-732 തിരുവനന്തപുരം

ഫോൺ 0471-2518714, 2518993, 80755 40464 നിയമസഭ : 0471-2512583

Email :sectthousco@gmail.com Website : www.secretariathousco.com

# ഹൗസ്കോ ഹെൽത്ത് കെയർ

## ആരോഗ്യ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

**ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ**



കുറഞ്ഞ പ്രീമിയം
കൂടുതൽ കവറേജ്

**പ്രീമിയം തുകയുടെ 10% സംഘം വഹിക്കുന്നു.**



# ഹൗസ്കോ ഹെൽത്ത് കെയർ

## ആരോഗ്യ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

സഹകാരിയുടെ ആരോഗ്യത്തിന് സംഘത്തിന്റെ കൈത്താങ്ങ്

പ്രിയപ്പെട്ട സഹകാരികളെ.

സഹകാരികളുടെ ക്ഷേമ കാര്യങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെ സഹകാരികളുടെ സ്വന്തം സഹകരണ സ്ഥാപനമായ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം നിങ്ങൾക്കായി ഒരു **ആരോഗ്യ സുരക്ഷാ കവചം** ഒരുക്കുന്നു. നമ്മുടെയും നമുക്ക് പ്രിയപ്പെട്ട കുടുംബാംഗങ്ങളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുക എന്നത് നാം ഓരോരുത്തരുടെയും കടമയും സ്വപ്നവുമാണ്. ആ സ്വപ്നത്തിന് ചിറക് നൽകിക്കൊണ്ട് കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം, വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് പരിഗണിച്ച് സംഘം വിഹിതം ഉൾപ്പെടുത്തി അംഗങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ **'ഹൗസ്കോ ഹെൽത്ത് കെയർ'** ആരംഭിക്കുന്ന വിവരം ഹൃദയപൂർവ്വം അറിയിക്കട്ടെ.

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ഹൗസ്കോ ഹെൽത്ത് കെയർ ഒരു കുടുംബത്തിന് **500000 (അഞ്ച് ലക്ഷം)** രൂപയുടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് ഏവർക്കും ഒരു കൈത്താങ്ങ് ആവുമെന്ന് പ്രത്യാശിക്കുന്നു. നിലവിലുള്ള രോഗങ്ങൾക്ക് പോലും വൈദ്യ പരിശോധന ഇല്ലാതെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഇൻഷുറൻസ് കമ്പനിയുമായി എം പാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും ഇതിൽ അംഗമാകുന്നവർക്ക് പണരഹിത (Cashless) ചികിത്സ സൗകര്യം ലഭ്യമാണ്. എംപാനൽ ചെയ്യാത്ത ഹോസ്പിറ്റലുകളിൽ ചികിത്സ തേടുന്നവർക്ക് ഡിസ്ചാർജിന് ശേഷം ചികിത്സാ രേഖകൾ ഹാജരാക്കി തുക പ്രതി പൂരണം ചെയ്യാവുന്നതാണ്. ചെറിയ അസുഖങ്ങൾ മുതൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും, സങ്കീർണമായ ശസ്ത്രക്രിയകൾക്കും ഏറെ പരിരക്ഷ ലഭിക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താക്കളായി മാറണമെന്ന് പ്രിയപ്പെട്ട സഹകാരികളോട് വിനയപുരസരം അഭ്യർത്ഥിക്കുന്നു. എല്ലാ സഹകാരികളുടെയും സഹകരണം പ്രതീക്ഷിക്കുന്നതിനോടൊപ്പം ആരോഗ്യപൂർണ്ണമായ നാളുകളും ആശംസിക്കുന്നു.


## പദ്ധതിയുടെ പ്രധാന സവിശേഷതകൾ

- ഒരു കുടുംബത്തിന് പരമാവധി 5 ലക്ഷം രൂപയുടെ ഇൻഷുറൻസ്.
- പൂർണ്ണമായും Cashless ചികിത്സ.
- നിലവിലുള്ള രോഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ.
- എൻറോൾമെന്റിന് മുൻകൂർ മെഡിക്കൽ ചെക്കപ്പ് ആവശ്യമില്ല.
- ഹോസ്പിറ്റലിൽ പ്രവേശിക്കപ്പെട്ട രോഗികൾക്ക് പ്രതിദിനം പരമാവധി മുറി വാടക 5000/- രൂപയും ഐ.സി.യു വിൽ 20,000/- രൂപയും.
- അംഗത്തെ കൂടാതെ ഭർത്താവ്/ഭാര്യ, മക്കൾ എന്നിവർക്ക് കൂടി പരിരക്ഷ.
- ഹോസ്പിറ്റലൈസേഷന് മുമ്പുള്ള 30 ദിവസത്തെ ചെലവുകളും അതിനു ശേഷമുള്ള 60 ദിവസത്തെ ചെലവു കളും ഉൾപ്പെടുന്നു.

സഹകാരിയുടെ ആരോഗ്യത്തിന്
സംഘത്തിന്റെ കൈത്താങ്ങ്

# ഹൗസ്കോ ഹെൽത്ത് കെയർ

## ആരോഗ്യ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി



- അപകടങ്ങൾ, മേജർ സർജറി, അർബുദം, ഹൃദയാഘാതം മൂലമുണ്ടാകുന്ന ആൻജിയോ പ്ലാസ്റ്റി, കൊറോണറി ആർട്ടറി ബൈപാസ് സർജറി, ഹാർട്ട് വാൽവ് മാറ്റി സ്ഥാപിക്കുക അല്ലെങ്കിൽ ഭേദമാക്കുക, വൃക്ക തകരാറും മാറ്റി വയ്ക്കലും, മൾട്ടിപ്പിൾ സ്കളിറോസിസ്, പ്രധാന അവയവം മാറ്റി വയ്ക്കൽ, ഹൃദയാഘാതം, അയോർട്ട ഗ്രാഫ്റ്റ് സർജറി, കരൾ മാറ്റിവയ്ക്കൽ എന്നിവയ്ക്കും ആനുകൂല്യം.
- 400 -ഓളം എംപാനൽഡ് ഹോസ്പിറ്റലുകളിലെ എല്ലാ വിഭാഗങ്ങളിലും Cashless ചികിത്സാ സൗകര്യം.
- തിമിര ശസ്ത്രക്രിയയ്ക്ക് ഓരോ കണ്ണിനും പരമാവധി 30,000/- രൂപ വരെ.
- Dialysis, Chemotheraphy, Radiotheraphy, എന്നിവയ്ക്ക് പോളിസി തുകയുടെ 50% വരെ. ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് പോളിസി തുകയുടെ 100% വരെ.
- അംഗത്തിന് ആംബുലൻസ് ചാർജ്ജ് 1000/- രൂപ നിരക്കിൽ പരമാവധി 3000/- രൂപ.
- 24 മണിക്കൂർ ആശുപത്രിവാസം ആവശ്യമില്ലാത്ത 140 -ഓളം Day Care Procedure കളും പദ്ധതിയിൽ.
- നവജാത ശിശുക്കൾക്ക് പരമാവധി തുകയുടെ 50%.
- പദ്ധതി ആരംഭിച്ചതിന് ശേഷം ജനിക്കുന്ന ശിശുക്കളെ മൂന്ന് മാസം പൂർത്തിയാകുന്ന മുറക്ക് സൗജന്യമായി ഇൻഷുർ ചെയ്യാവുന്നതാണ്.
- സർക്കാർ അക്രഡിറ്റഡ് ആയുർവ്വേദ ആശുപത്രികളിൽ നിന്നുള്ള ചികിത്സയ്ക്ക് പരമാവധി 25000/- രൂപ റീ ഇമ്പേഴ്സ്മെന്റ് . സുഖ ചികിത്സ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
- പരിരക്ഷ 25 വയസ്സ് വരെയുള്ള മക്കൾക്ക്. മാനസിക ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രായപരിധി ഇല്ല.
- പന്ത്രണ്ട് ഇനം ആധുനിക ചികിത്സാ രീതികൾക്ക് ഓരോ ചികിത്സക്കും പോളിസി തുകയുടെ 25% വരെ.
- ഈ പദ്ധതിയിൽ ചേരുന്ന സഹകാരികൾക്ക് E-ID Card നൽകുന്നതാണ്.
- മറ്റു ഇൻഷുറൻസുകൾ സ്വന്തമായുള്ള സഹകാരികൾക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. ഏത് ഇൻഷുറൻസ് Claim ചെയ്യണമെന്ന് സഹകാരികൾക്ക് തീരുമാനിക്കാവുന്നതാണ്. മറ്റ് ഇൻഷുറൻസ് ആണ് ക്ലെയിം ചെയ്യുന്നതെങ്കിൽ തുകയുടെ പരിധിയ്ക്ക് മുകളിൽ വരുന്ന ക്ലെയിമുകൾ ഈ പദ്ധതി പ്രകാരം ഒരാഴ്ചയ്ക്കകം റീഇമ്പേഴ്സ് ചെയ്യാവുന്നതാണ്.
- ഒരുകുടുംബത്തിന്റെ പരമാവധി പ്രീമിയം തുക 20,000/ രൂപ വരെ ആയിരിക്കും.
- പ്രീമിയം തുക 10 മാസ തിരിച്ചടവുള്ള വായ്പയായും അനുവദിക്കുന്നതാണ്.
- പ്രീമിയം തുകയുടെ 10% സംഘം വഹിക്കുന്നു.

## നിബന്ധനകൾ

- പ്രഥമ ഗുണഭോക്താവ് സംഘത്തിൽ 1000 രൂപ ഷെയർ ഉള്ള 'A' ക്ലാസ്സ് അംഗമായിരിക്കണം.
- ഈ പദ്ധതിയിൽ ചേരാൻ താൽപര്യമുള്ള അംഗങ്ങൾക്ക് സംഘം വെബ്സൈറ്റ് മുഖാന്തരം രജിസ്റ്റർ ചെയ്തതിനു ശേഷം സംഘവുമായി ബന്ധപ്പെടേണ്ടതാണ്.
- സർവീസിൽ പുതുതായി പ്രവേശിച്ചവർക്കും വിവാഹിതരാകുന്നവർക്ക് പങ്കാളിക്കും നവജാതശിശുക്കൾക്കും നിബന്ധനകൾക്ക് വിധേയമായി പദ്ധതിയിൽ അംഗമാകാവുന്നതാണ്. മറ്റ് ഇടക്കാല ഉൾപ്പെടുത്തലുകൾ അനുവദനീയമല്ല.
- ഈ പദ്ധതി പ്രകാരമുള്ള റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ ഒരാഴ്ചക്കകം സംഘം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
- അപകടങ്ങൾ മൂലമോ, രോഗം മൂലമോ ഉള്ള ആശുപത്രി വാസം 24 മണിക്കൂറിൽ കൂടുകയാണെങ്കിൽ മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.
- ഈ പദ്ധതിയിൽ അംഗമായവർക്ക് വിരമിച്ചതിനു ശേഷവും നിബന്ധനകൾക്ക് വിധേയമായി തുടരാവുന്നതാണ്.



# ഹൗസ്കോ ഹെൽത്ത് കെയർ

## ആരോഗ്യ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

സഹകാരിയുടെ ആരോഗ്യത്തിന്
സംഘത്തിന്റെ കൈത്താങ്ങ്

| നമ്പർ | അംഗങ്ങളുടെ എണ്ണം | പ്രീമിയം തുക | സംഘം വിഹിതം | അടയ്ക്കേണ്ട തുക |
|---|---|---|---|---|
| 1. | അംഗം മാത്രം | 12,000/- | 1,200/- | 10,800/- |
| 2. | അംഗവും പങ്കാളിയും | 15,000/- | 1,500/- | 13,500/- |
| 3. | അംഗവും കുടുംബവും | 20,000/- | 2,000/- | 18,000/- |

ഹൗസ്കോ ഹെൽത്ത് കെയർ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ 2025 നവംബർ 22-ാം തീയതിക്കകം സംഘത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.secretariathousco.com ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ലോഗിൻ ചെയ്യുന്ന വിധം**

USER NAME : A Member Number (Eg: A1234)

**PASSWORD : A Member Number@aDDMMYYYY (Eg. A1234@a31051991)**

കിംസ്, അനന്തപുരി, എസ്.പി.ഫോർട്ട്, കോസ്മോപോളിറ്റൻ, എസ്.യു.റ്റി, പി.ആർ.എസ്, മെഡിട്രീന, ജൂബിലി, ലേക് ഷോർ, ആസ്റ്റർ, അമൃത ബി.എം.എച്ച് തുടങ്ങി കേരളത്തിലെ 400 ഓളം പ്രമുഖ ആശുപത്രികളിൽ Cashless ചികിത്സ

**ഈ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ പട്ടിക QR Code ൽ ലഭ്യമാണ്.**

Scan & View

ഭരണസമിതിക്കു വേണ്ടി..

തിരുവനന്തപുരം
07.11.2025

**ഷിബു ഇബ്രാഹിം**
സെക്രട്ടറി

THIS n THAT